<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*1).... (ബഹളം)...... യെസ്.... യെസ്...... പറഞ്ഞോളൂ..... (ബഹളം)......

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഈ നിയമസഭാ സമ്മേളനത്തോടനുബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ നൽകിയ 49 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ യാതൊരു മാനദണ്ഡവുമില്ലാതെ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളാക്കി മാറ്റിയിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ ഒന്നാം നമ്പർ നിർദേശത്തിലെ കാര്യങ്ങളും മുൻകാല റൂളിംഗിലെ കാര്യങ്ങളും ധിക്കരിച്ചുകൊണ്ട് ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റും സർക്കാരുംചേർന്ന്, ഏറ്റവും പ്രധാനപ്പെട്ടതും രാജ്യതാൽപര്യവും സംസ്ഥാന താൽപര്യവും ഉയർത്തിപ്പിടിക്കുന്ന ഞങ്ങളുടെ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളാക്കി മാറ്റിയത് ദൗർഭാഗ്യകരമായ സംഭവമാണ്. ഇതൊരു കാരണവശാലും അനുവദിക്കാൻ കഴിയില്ല. ഈ നിയമസഭയുടെ ഫ്ലോറിൽ ചോദ്യങ്ങൾ ചോദിക്കാനുള്ള പ്രതിപക്ഷത്തിന്റെ

അവകാശങ്ങൾ ഹനിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നതെങ്കിൽ ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നില്ലായെന്ന നിലപാടിലേക്ക് പോകുകയാണ്.

Mr. Speaker: Let me clear my stand.... Please.... tell them keep quite please.... ഇതിൽ യാതൊരു തരത്തിലുമുള്ള വിവേചനവും ചെയർ കാണിച്ചിട്ടില്ല. ഭരണപക്ഷ എം.എൽ.എ.-മാർ സമർപ്പിക്കുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ ചട്ടം 36 (2) പ്രകാരം നക്ഷത്രചിഹ്നമിടാത്ത ചോദ്യമാക്കി അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം വളരെ സീനിയറായ അംഗമായതിനാൽ ക്ഷമയോടെ സീറ്റിൽ ഇരിക്കു; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പരാതിയിൽ ഉന്നയിച്ചിട്ടുള്ള എല്ലാ ചോദ്യങ്ങളുടെയും നോട്ടീസുകളും വാദങ്ങളുടെയും അഭ്യൂഹങ്ങളുടെയും അടിസ്ഥാനത്തിലുള്ളതും തദ്ദേശീയ പ്രാധാന്യം മാത്രമുള്ള വിഷയങ്ങളുമാണെന്ന വസ്തുത പരിഗണിച്ചാണ് അവ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളായി അനുവദിച്ചിട്ടുള്ളത്. ഇക്കാര്യങ്ങളിൽ മനഃപൂർവമായി യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല. (......ബഹളം.....) പ്ലീസ്......., ഞാൻ പറയുന്നത് കേൾക്കു; ചോദ്യങ്ങളുടെ അഡ്മിസിബിലിറ്റിയെ സംബന്ധിച്ച് 'ശക്തർ ആൻഡ് കൗൾ'-ലെ പേജ് നമ്പർ

504 മനസ്സിരുത്തി വായിക്കണം. അതിൽ " The Speaker has discretionary power conferred by the rules and inherent in him, to admit or disallow a question without any reason being assigned by which no one can question" എന്നാണ് പറയുന്നത്. സഭയിൽ ചോദ്യം സംബന്ധിച്ച് നോട്ടീസ് നൽകിയാൽ ചോദ്യത്തിന് മറുപടി നൽകുന്ന ദിവസംവരെ യാതൊരു പ്രചാരണവും നൽകാൻ പാടില്ലെന്ന് നിയമസഭാ ചട്ടം 266-ൽ വളരെ കൃത്യമായി പറയുന്നുണ്ട്. എന്നാൽ നിങ്ങൾ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടത്, പ്രിന്റ് വിഷ്വൽ/സോഷ്യൽ മീഡിയയിലൂടെ പ്രചാരണം നൽകിയെന്നുള്ളത് സഭയോടുള്ള ചട്ടത്തിന്റെ അവകാശലംഘനമാണ്. ചോദ്യങ്ങൾ deny ചെയ്തതിൽ യാതൊരു അസ്വാഭാവികതയുമില്ല. ഈ ചോദ്യങ്ങളെല്ലാം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളായി ഫ്ലോറിൽ വന്നിട്ടുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മറുപടി നൽകുകയും ചെയ്യും.

ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*1).... (......ബഹളം.....) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം പ്രകാരം ശ്രീ. ടി. സിദ്ദിഖ്.... ഇതൊരു ഡിബേറ്റല്ല. ചെയർ എല്ലാ കാര്യങ്ങളും ഇവിടെ ക്ലാരിഫൈ

ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയറുമായി സഹകരിക്കണം. പ്ലീസ്..... (......ബഹളം.....).

(പ്രതിപക്ഷാംഗങ്ങൾ നൽകിയ നക്ഷത്രചിഹ്നമിട്ട 49 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്തവയാക്കി മാറ്റിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ പ്ലക്കാർഡുകളുമായിവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. വി. ഡി. സതീശൻ: സർ, സഭയിൽ ഉന്നയിക്കാനുള്ള പൊതുപ്രാധാന്യം ഈ ചോദ്യങ്ങൾക്കില്ല, തദ്ദേശീയ പ്രാധാന്യംമാത്രമുള്ള ചോദ്യമാണ്, സഭാതലത്തിൽ വിശദമാക്കേണ്ട പ്രാധാന്യമില്ല എന്നാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. കേരളത്തിന്റെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. ആർ.എസ്.എസ്.-ന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി........ (......ബഹളം.....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്....

(ചോദ്യം നമ്പർ (*1)-ന് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

(*2) ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. കെ. വി. സുമേഷ്):
ശ്രീ. എം. എം. മണി:
ശ്രീ. വി. ജോയി:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെ ധനസഹായം നൽകിവരുന്ന പദ്ധതി സുഗമവും സുതാര്യവുമായി നടത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർവന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നാളിതുവരെ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അസുഖബാധിതർക്ക് സഹായധനം അനുവദിക്കുന്നതിന് അവലംബിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കെതിരായി ചില മാധ്യമങ്ങളിൽ വരുന്ന വ്യാജവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) നമ്മുടെ നാടിനെ അടുത്തറിയുന്ന ലോകമെമ്പാടുമുള്ളവർ നൽകുന്ന സംഭാവനയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പ്രധാന സ്രോതസ്സ്. അതോടൊപ്പം ഓരോ സംസ്ഥാന ബജറ്റിലും നിശ്ചിത വിഹിതം ഇതിലേക്ക് വകയിരുത്തുന്നു. 2016-17 മുതൽ 2024-25 വരെ 1950 കോടി രൂപയാണ് ഇപ്രകാരം നീക്കിവച്ചത്. ഓഖിയുടെയും പ്രളയത്തിന്റെയും കോവിഡ് മഹാമാരിയുടെയും അവസരങ്ങളിലും ഇപ്പോൾ ചൂരൽമല-മുണ്ടക്കൈ എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിന്റെ അവസരത്തിലും ഈ നിധിയിലേക്ക് ജനങ്ങൾ നൽകിയ സംഭാവന വളരെ വലുതാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 14-11-2016-ൽ പുറപ്പെടുവിച്ച G.O.(MS)586/16/REV. പ്രകാരം ചികിത്സാ സഹായത്തിനും അപകടമരണത്തിനിരയാകുന്നവരുടെ ആശ്രിതർക്കുള്ള

ധനസഹായത്തിനുമായുള്ള അപേക്ഷ സ്വീകരിക്കുന്നത് മുതൽ ഗുണഭോക്താവിന് ധനസഹായം ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നതുവരെയുള്ള എല്ലാ നടപടികളും ഓൺലൈൻ മുഖാന്തരമാക്കിയിട്ടുണ്ട്. ഇതുവഴി സഹായധനം ലഭിക്കുന്നതിനുള്ള കാലതാമസം വൻതോതിൽ ഒഴിവാക്കാനായി.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അപേക്ഷ cmo.kerala.gov.in എന്ന പോർട്ടൽവഴി നേരിട്ട് സമർപ്പിക്കാം. ഇതിനുപുറമെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ അക്ഷയ സെന്ററുകൾ മുഖേനയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിനായി എല്ലാ അക്ഷയ സെന്ററുകൾക്കും ലോഗിൻ ഐ.ഡി. നൽകിയിട്ടുണ്ട്. മാത്രമല്ല, സംസ്ഥാനത്തെ എല്ലാ എം.എൽ.എ.-മാർക്കും സംസ്ഥാനത്തുനിന്നുള്ള എല്ലാ എം.പി.-മാർക്കും നൽകിയിട്ടുള്ള ലോഗിൻ ഐ.ഡി.-യിലൂടെയും അപേക്ഷകൾ സമർപ്പിക്കാൻ കഴിയും. ഇതിനുപുറമെ തപാലിലൂടെ മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ ഓൺലൈനായി മാറ്റുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ അക്കാര്യം ഉടനടി

എസ്.എം.എസ്. ആയി അപേക്ഷയിൽ രേഖപ്പെടുത്തിയ മൊബൈൽ നമ്പറിലേക്ക് ലഭിക്കും. തുടർന്ന് അപേക്ഷ ഒരു ഓഫീസിൽനിന്നും മറ്റൊരു ഓഫീസിലേക്ക് ഓൺലൈനായി അയയ്ക്കുമ്പോൾ അക്കാര്യവും എസ്.എം.എസ്. ആയി അറിയിക്കുന്നു. തുക അനുവദിക്കുന്നമുറയ്ക്ക് ആ വിവരവും എസ്.എം.എസ്. ആയി ഗുണഭോക്താവിന് ലഭിക്കുന്നു. ഇതിനുപുറമെ അപേക്ഷയുടെ തൽസ്ഥിതി അതത് ഗുണഭോക്താവിന് പോർട്ടലിൽ ലഭിക്കും. 18004257211 എന്ന ടോൾഫ്രീ നമ്പറിൽ ഓഫീസ് സമയങ്ങളിൽ അപേക്ഷയുടെ തൽസ്ഥിതി അറിയാനും കഴിയും.

അപേക്ഷകരുടെ അർഹത നിർണ്ണയിച്ച് അവ സമയബന്ധിതമായും കാര്യക്ഷമമായും പരിശോധിച്ചാണ് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സഹായധനം നേരിട്ട് ലഭ്യമാക്കുന്നത്. 10,000 രൂപ വരെ അനുവദിക്കാനുള്ള അധികാരം അതത് ജില്ലാ കളക്ടർമാർക്കാണ്. അതിനുമുകളിൽ 15,000 രൂപ വരെ റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്കും 25,000 രൂപവരെ റവന്യൂ വകുപ്പുമന്ത്രിക്കും അനുവദിക്കാൻ കഴിയും.

മൂന്ന് ലക്ഷം രൂപ വരെ മുഖ്യമന്ത്രിയും പ്രത്യേകം പരിഗണന നൽകേണ്ട സാഹചര്യമുള്ള അപേക്ഷകൾ മന്ത്രിസഭ പരിശോധിച്ചുമാണ് സഹായധനം നിശ്ചയിക്കുന്നത്. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് മൂന്ന് ലക്ഷം രൂപവരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്.

(ബി) നാളിതുവരെ വിവിധ ഇനങ്ങളിലായി 2135.5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) രോഗിയുടെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല. ചികിത്സിക്കുന്ന ആശുപത്രിയിൽനിന്നും ഡോക്ടറുടെയും ആശുപത്രിയുടെയും സീലുള്ള രോഗത്തിന്റെ വിവരവും ചികിത്സയുടെ വിവരവും ചെലവായ തുകയും വ്യക്തമായി രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.

രോഗിയുടെ പേര് ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡ്, രോഗിയുടെ ആധാർ, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ വ്യക്തമായ പകർപ്പ് അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഒരു തവണ തുക അനുവദിച്ച് കഴിഞ്ഞാൽ രണ്ടുവർഷം

കഴിഞ്ഞ് മാത്രമെ വീണ്ടും തുക അനുവദിക്കുന്നത് പരിഗണിക്കുകയുള്ളൂ. എന്നാൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ഈ നിബന്ധന ബാധകമല്ല.

ജീവിതശൈലീ രോഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തുക അനുവദിക്കാറില്ല. മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ തുക ചെലവ് വരുന്നപക്ഷം ബില്ലുകളും ചികിത്സാരേഖകളും സമർപ്പിക്കേണ്ടതാണ്.

(ഡി) ഏറ്റവും ദാരുണമായ ദുരന്തങ്ങളിലൊന്നാണ് മേപ്പാടി പഞ്ചായത്തിലുണ്ടായത്. സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങളും താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി. ഒരുതരത്തിലുമുള്ള ആക്ഷേപങ്ങൾക്കും ഇടനൽകാതെയാണ് ഈ പ്രവർത്തനങ്ങളെല്ലാം നടന്നത്. ഇതിന് എല്ലാവരുടെയും സഹകരണവും പിന്തുണയുമുണ്ടായി. അത് തകർക്കുകയെന്ന ലക്ഷ്യത്തോടെ പുറത്തുവന്ന വ്യാജവാർത്തകൾ, ദുരിതാശ്വാസനിധിയിലേക്ക് കൈയയച്ച് സംഭാവന നൽകുന്ന സാധാരണ ജനങ്ങളെ അതിൽനിന്നും പിന്തിരിപ്പിക്കുകയെന്ന ദുഷ്ടലാക്കോടുകൂടിയുള്ളതായിരുന്നു. തെറ്റായ വാർത്തയെന്ന് തിരിച്ചറിഞ്ഞ് ചില

മാധ്യമങ്ങൾ അത് തിരുത്തുവാൻ തയ്യാറായി. ഇത്തരം വിവാദങ്ങൾവഴി ദുരന്തത്തിനിരയായ മനുഷ്യരാണ് യഥാർത്ഥത്തിൽ ദ്രോഹിക്കപ്പെട്ടത്.

നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പരമാവധി സഹായം ലഭിക്കാൻ തയ്യാറാക്കി നൽകിയ മെമ്മോറാണ്ടമാണ് ഇത്തരത്തിൽ വ്യാജ വാർത്തവഴി വിചാരണ ചെയ്യപ്പെട്ടത്. ജനങ്ങളുടെ അതിജീവന പോരാട്ടങ്ങളെ തുരങ്കംവയ്ക്കുന്ന തരത്തിലുള്ള ഇത്തരം വാർത്തകൾ നൽകുന്നതിൽനിന്നും വിട്ടുനിൽക്കണമെന്ന് മാധ്യമങ്ങളോട് അഭ്യർഥിച്ചിട്ടുണ്ട്. (.......ബഹളം.......)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, പ്ലീസ്.... അങ്ങ് അംഗങ്ങളോട് പറയണം, ഏറ്റവും കൂടുതൽ ജനങ്ങളെ ബാധിക്കുന്ന വിഷയമാണ് ദുരിതാശ്വാസനിധി. (.......ബഹളം.......) ഓരോ അംഗങ്ങളും (.......ബഹളം.......) നിങ്ങൾ ഓരോരുത്തരും ചികിത്സാസഹായം (.......ബഹളം.......).

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, പ്രതിപക്ഷാംഗങ്ങളുടേത് അങ്ങേയറ്റം തെറ്റായ നടപടിയാണ്. ജനങ്ങളെ ബാധിക്കുന്ന ചോദ്യോത്തരവേള

അലങ്കോലപ്പെടുത്തുക എന്നത് ജനങ്ങളോടുള്ള ഒരു വെല്ലുവിളിയാണ്. കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷയോടെ നോക്കിക്കാണുന്ന ദുരിതാശ്വാസനിധിയിലൂടെ അനർഹർ ആനുകൂല്യം കൈപ്പറ്റുന്നതായ വിജിലൻസിന്റെ കണ്ടെത്തലിനെത്തുടർന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ പ്രസ്താവിച്ച കാര്യത്തിൽ വ്യക്തമാക്കാനുള്ളത്, സാധാരണഗതിയിൽ ഗവൺമെന്റിന് ഒരു ചോദ്യത്തിനും മറുപടി നൽകുന്നതിന് പ്രയാസമുള്ള കാര്യമല്ല. ഗവൺമെന്റിന്റെ കയ്യിലുള്ള വിവരങ്ങൾ എല്ലാക്കാലത്തും മറുപടിയായി നൽകാറുണ്ട്. അതിൽ സ്റ്റാർഡ് ക്വസ്റ്റ്യനോ അൺസ്റ്റാർഡ് ക്വസ്റ്റ്യനോ എന്ന പ്രശ്നമില്ല. എല്ലാ ചോദ്യങ്ങൾക്കും വിശദമായി മറുപടി നൽകുന്ന രീതിയാണ് ഗവൺമെന്റ് സ്വീകരിക്കാറുള്ളത്. ചില ചോദ്യങ്ങൾക്ക് അപ്പോൾ മറുപടി നൽകാൻ കഴിഞ്ഞില്ലെങ്കിൽ പിന്നീട് വിവരങ്ങൾ ശേഖരിച്ച് നൽകാറുമുണ്ട്. കഴിയാവുന്നത്ര അതത് ഘട്ടത്തിൽ, അതത് സമയം, അതത് ദിവസംതന്നെ മറുപടി നൽകാനാണ് ഗവൺമെന്റ് എപ്പോഴും ശ്രദ്ധിക്കാറുള്ളത്. സർക്കാരിന് ഇത്തരം കാര്യങ്ങളിൽ ഒന്നും

മറച്ചുവയ്ക്കാനില്ല. ഇവിടെ ബോധപൂർവം സർക്കാരിനെക്കൂടി ആക്ഷേപിക്കുന്നതിനുവേണ്ടിയാണ് ഈയൊരു ചോദ്യമുന്നയിച്ചതെന്നാണ് കാണുന്നത്. ഇത് സ്പീക്കറുടെ discretionary power-ൽപ്പെട്ടതാണ്. സ്പീക്കറിനെതിരെ ഇത്തരത്തിലുള്ള ഒരു നിലപാട് സ്വീകരിക്കുന്നത് ആരോഗ്യകരമായ ഒരു പ്രവർത്തനത്തിൽപ്പെട്ടതല്ല എന്നത് പ്രതിപക്ഷം മനസ്സിലാക്കുമെന്നാണ് കരുതുന്നത്. ഗവൺമെന്റിനെ ആക്ഷേപിക്കാൻ, ഇത്തരത്തിൽ സ്പീക്കറെയുംകൂടി ഉപയോഗിച്ചുകൊണ്ട് പുറപ്പെടുന്നത് നല്ല കീഴ്വഴക്കമല്ലെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്.

ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യത്തിന് പറയാനുള്ളത്, തെറ്റായ നടപടികൾ വലിയ തോതിലാണ് ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നത്. അതിലേറ്റവും ഗൗരവതരമായ കാര്യം, വയനാടിന്റെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് തീർത്തും തെറ്റായ കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചുവെന്നുള്ളതാണ്. അതെല്ലാം ദുരിതാശ്വാസനിധിയെ തകർക്കാനാണ് ലക്ഷ്യമിട്ടതെങ്കിലും അങ്ങനെ ഒരവസ്ഥയല്ല ഉണ്ടായത്. വയനാട്ടുമായി ബന്ധപ്പെട്ട് വിവിധ വിഭാഗം ജനങ്ങൾ

ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാൻ സന്നദ്ധരായിട്ടുണ്ട്. അതിന് നല്ല പ്രതികരണവുമുണ്ടായിട്ടുണ്ട്. 05-10-2024 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ, 5135036051 രൂപ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ലഭിച്ചതായി കാണാൻ കഴിയും.

ശ്രീ. കെ. വി. സുമേഷ്: സർ, വിജിലൻസിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ നടപടികൾ സുഗമവും സുതാര്യവുമാക്കുന്നതിന് പ്രത്യേകമായ പദ്ധതികൾ ആലോചിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും, ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ കരുതൽ നമ്മളെല്ലാവരും സ്വീകരിക്കേണ്ടതുണ്ട്. അതിന്റെ ഒരു ഭാഗം മാത്രമാണ് നിയമപരമായ നടപടികൾ. എന്നാൽ പൊതുസമൂഹവും ഉത്തരവാദപ്പെട്ട സംഘടനകളും പ്രസ്ഥാനങ്ങളുമെല്ലാം ഇതിന്റെ ഗൗരവം തിരിച്ചറിഞ്ഞുകൊണ്ട് ദുരിതാശ്വാസനിധിയെപ്പോലെയുള്ളവയെ പ്രോത്സാഹിപ്പിക്കത്തക്ക സമീപനമാണ് സ്വീകരിച്ചുപോകേണ്ടത്.

<u>ശ്രീ. എം. എം. മണി</u>: സർ, മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ദുരിതാശ്വാസനിധിയിൽനിന്ന് ഫണ്ട് അനുവദിക്കുന്നതിന് ലഭിച്ച അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായതിനുശേഷം അനുവദിക്കാത്ത അപേക്ഷകൾ ഉണ്ടായിരുന്നോ; അതിന് പിന്നീട് ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ചില പരാതികൾ അതുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്നു. അതിന്റെ വിശദാംശങ്ങൾ ഇപ്പോൾ എന്റെ കയ്യിലില്ല. എന്നാൽ അതുമായി ബന്ധപ്പെട്ട പരാതികളുണ്ടായിയെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. (.....ബഹളം.....)

<u>മി. സ്പീക്കർ</u>: മൈക്ക് വേണമെങ്കിൽ ആളുകൾ സീറ്റിൽ ഇരിക്കണം. നിങ്ങളുടെ അംഗങ്ങൾ സീറ്റിലിരുന്നാൽ മൈക്ക് തരും. ഭീഷണിയൊന്നുമല്ല, (.....ബഹളം.....) ചോദ്യോത്തരവേളപോലും നടത്താൻ സമ്മതിക്കില്ലെന്നുപറഞ്ഞാൽ, അത് purely unfair ആണ്. എന്തുകൊണ്ടാണ് ക്വസ്റ്റ്യൻ നിഷേധിച്ചതെന്ന് ചെയർ വളരെ ക്ലിയറായി പറഞ്ഞു. (.....ബഹളം.....), tell them to go and take the seat. അവിടെപ്പോയി ഇരിക്കാൻ പറയൂ...

(.....ബഹളം.....) ഇതിനകത്ത്, ചെയർ നൽകുന്നതാണ്, നിങ്ങൾ അവിടെപ്പോയി ഇരുന്നാൽ തരും. ലീഡർ ആരാണ്? പ്രതിപക്ഷത്തിന് ഒരുപാട് ലീഡറുണ്ടോ; ആരാണ് പ്രതിപക്ഷനേതാവ്; ആരാണെന്ന് പറയൂ; (.....ബഹളം.....)

ശ്രീ. വി. ജോയി: സർ, സുതാര്യവും സുഗമവുമായി പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് കേരളത്തിലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി. അതിനെ അപകീർത്തിപ്പെടുത്താനുള്ള ശ്രമം വലിയതോതിൽ നടക്കുകയാണ്. എന്റെ ചോദ്യം, കടൽക്ഷോഭംമൂലം (......ബഹളം....) എന്നോട് വർത്തമാനം പറയരുത്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ശ്രീ. വി. ജോയി, ഇങ്ങോട്ട് പറഞ്ഞാൽ മതി. (......ബഹളം....)

ശ്രീ. വി. ജോയി: അത് കൈയിൽ വച്ചിരുന്നാൽ മതി. (......ബഹളം....)

മി. സ്പീക്കർ: ശ്രീ. വി. ജോയി.... (......ബഹളം....) ചെയറിനോട് പറഞ്ഞാൽ മതി. (......ബഹളം....) ശ്രീ. വി. ജോയി.... പ്ലീസ്... പ്ലീസ്... (......ബഹളം....)

<u>ശ്രീ. വി. ജോയി</u>: അത് കയ്യിൽ വച്ചിരുന്നാൽ മതി. (……ബഹളം….)

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... (……ബഹളം….)

<u>ശ്രീ. വി. ജോയി</u>: കടൽക്ഷോഭംമൂലം ജീവനോപാധികൾ നഷ്ടപ്പെടുന്നവർക്ക് ദുരിതാശ്വാസനിധിയിൽനിന്നും പരമാവധി എത്ര രൂപയാണ് അനുവദിക്കുന്നത്; മത്സ്യബന്ധന വകുപ്പ് അനുവദിക്കുന്ന തുകയ്ക്കുപുറമേ ഈ തുക അനുവദിക്കാൻ വ്യവസ്ഥയുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, മത്സ്യബന്ധനഘട്ടത്തിൽ അപകടം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി നേരത്തെ മുതൽ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. അതിന്റെ ഭാഗമായുള്ള ഇൻഷ്വറൻസ് തുകയായിരുന്നു അവർക്ക് ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ ചില ഘട്ടങ്ങളിൽ അതീവദാരുണമായ ചില സംഭവങ്ങളുണ്ടാകാറുണ്ട്. അതായത്, ഈ തൊഴിലാളി ചിലപ്പോൾ അംഗമായി രജിസ്റ്റർ ചെയ്തിട്ടുണ്ടാകില്ല, ഇൻഷ്വറൻസിന്റെ പരിധിയിൽപ്പെട്ടിട്ടുണ്ടാകില്ല. അവർ മത്സ്യബന്ധനത്തിന് പോകുകയും അപകടത്തിൽപ്പെടുകയും മരണം സംഭവിക്കുകയും ചെയ്യുന്ന ഘട്ടങ്ങളിൽ അവരെ സഹായിക്കേണ്ടത് മനുഷ്യത്വപരമായ സമീപനമാണെന്ന

തിരിച്ചറിവോടെ ചില നടപടികൾ ഓരോ കേസിന്റെയും പ്രശ്നങ്ങൾ പരിശോധിച്ച് ഉചിതമായ തലത്തിൽ തീരുമാനിക്കാൻ സർക്കാർ സന്നദ്ധമായിരുന്നു. അതിന്റെ ഭാഗമായി ദുരിതാശ്വാസനിധിയിൽനിന്നും സഹായം നൽകുന്ന സമീപനവും സ്വീകരിച്ചുവരുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ആരാണ് പ്രതിപക്ഷനേതാവെന്ന് അങ്ങൊരു ചോദ്യം ചോദിച്ചു. XXXXXXX[1]

മി. സ്പീക്കർ: ചെയർ പറഞ്ഞോളാം..... ചെയർ പറഞ്ഞോളാം... (.....ബഹളം.....)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, I raise my strong protest. There is an impropriety in your question. There is an impropriety...... (.....ബഹളം.....) XXXXXXX[2] പ്രതിപക്ഷത്തിന്റെ അവകാശങ്ങളാണ് അങ്ങ് ഹനിച്ചത്. അതുകൊണ്ട് ഞങ്ങൾ ഈ ചോദ്യോത്തരവേള ബഹിഷ്കരിക്കുകയാണ്.

1 ബഹു. സഭാധ്യക്ഷന്റെ നിർദേശപ്രകാരം നീക്കം ചെയ്തു.
2 ബഹു. സഭാധ്യക്ഷന്റെ നിർദേശപ്രകാരം നീക്കം ചെയ്തു.

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ് അങ്ങ് കേൾക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഏതായാലും ഫ്ലോറിൽ ഡോക്യുമെന്റ് ചെയ്യേണ്ടതാണ്. ചെയർ പറയാം.... (.....ബഹളം.....) യെസ്... യെസ്.... (.....ബഹളം.....)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തുടർച്ചയായി ചെയറിനെതിരായി അധിക്ഷേപങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആ അധിക്ഷേപത്തിന്റെ പാരമ്യമാണ് ഇന്ന് നാം കണ്ടത്. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും അപക്വമതിയായ പ്രതിപക്ഷനേതാവ് എന്ന പദവിക്ക് അദ്ദേഹം ഇതോടുകൂടി അർഹനായിരിക്കുകയാണ്. നിയമസഭയുടെ ചരിത്രം നോക്കിയാൽ ഈ ഫ്ലോറിൽ ഒരു പ്രതിപക്ഷനേതാവും ചെയറിനെ ഇതുപോലെ അധിക്ഷേപിച്ചതായി കാണാൻ സാധിക്കില്ല. അങ്ങ്, അങ്ങയുടെ ഡിസ്ക്രീഷണറി റൈറ്റിനെ സംബന്ധിച്ച്, ഒരു ചോദ്യത്തിന്റെ admissibility-യെ സംബന്ധിച്ച് ശക്ധർ ആൻഡ് കൗൾ ഉദ്ധരിച്ചുകൊണ്ട് ഇവിടെ വ്യക്തമാക്കുകയുണ്ടായി. ഏറ്റവും ആധികാരികമായ പാർലമെന്ററി പ്രാക്ടീസ് സംബന്ധിച്ച അവസാന

വാക്ക് ശക്ധർ ആൻഡ് കൗൾ ആണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശക്ധർ ആൻഡ് കൗൾ-ന് മുകളിൽ തന്നെ സ്വയം പ്രതിഷ്ഠിച്ചിരിക്കുകയാണ്. ആ പ്രതിപക്ഷനേതാവിന്റെ അഹന്തയും അപക്വമായിട്ടുള്ള പെരുമാറ്റവും ഈ സഭയുടെ അന്തസ്സിനെ ഹനിക്കുന്നതാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞതുപോലെ സഭയുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത അധിക്ഷേപ വാക്കുകളാണ് ചെയറിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിൽനിന്നും ഉണ്ടായത്. 'ബഹുമാനപ്പെട്ട' എന്ന് മുന്നിൽ ചേർക്കുന്നത് പാർലമെന്ററി നടപടിക്രമത്തിന്റെ ഭാഗമായാണ്. ആ പരസ്പര ബഹുമാനം നമ്മൾ നിലനിർത്തിപ്പോകുക എന്നുള്ളതാണ്. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞതുപോലെ, നിലവാരമില്ലാത്ത ഒരു പ്രതിപക്ഷ നേതാവാണ് താനെന്ന് പലഘട്ടങ്ങളിലുമുള്ള നടപടികളിലൂടെ അദ്ദേഹം ഇവിടെ തെളിയിച്ചിട്ടുണ്ട്.

അതിന്റെ പാരമ്യത, അതിന്റെ മൂർധന്യദശയാണ് ഇന്ന് കണ്ടത്. എത്രമാത്രം ഇത്തരത്തിൽ അധഃപതിക്കാം എന്നതാണ് പ്രതിപക്ഷനേതാവിന്റെ ഈ വാക്കുകൾ തെളിയിക്കുന്നത്. ഇത് ഈ സഭ അവജ്ഞയോടെ തള്ളുകയാണ്. ഇത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയുന്ന ഒന്നല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ...

മി. സ്പീക്കർ: പ്ലീസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും പറഞ്ഞു, ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻകുട്ടി അങ്ങ് ഇരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽനിന്നുണ്ടായ പരാമർശം തീർത്തും നിർഭാഗ്യകരമാണ്. പ്രതിപക്ഷനേതാവ് പ്രസംഗിക്കാൻ എഴുന്നേറ്റപ്പോൾ ചെയർ മൈക്ക് നൽകി. അദ്ദേഹം അദ്ദേഹത്തിന്റെ അംഗങ്ങളോട് തിരിച്ച് ചെയറിലേക്ക് പോകാൻ ആവശ്യപ്പെടുകയും ചെയ്തു. ഏതാണ്ട് എല്ലാ അംഗങ്ങളും പോയപ്പോഴും ഡോ. മാത്യു കുഴൽനാടൻ ഇവിടെനിന്നും ബഹളം വച്ചു. അതുകൊണ്ടാണ് അത്തരമൊരു ചോദ്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട്

ചോദിക്കേണ്ടിവന്നത്. പ്രതിപക്ഷ നേതൃനിരയെ നയിക്കുന്ന പ്രതിപക്ഷനേതാവ് പറഞ്ഞിട്ടുപോലും ഒരു അംഗം ഇവിടെനിന്ന് ചെയറിന് അഭിമുഖമായിനിന്ന് ബഹളം വച്ചപ്പോഴാണ് അത്തരമൊരു ചോദ്യം ചോദിച്ചത്. പ്രതിപക്ഷനേതാവ് ചെയറിനെതിരായി നടത്തിയ ഒരു പരാമർശവും സഭാരേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

ശ്രീമതി ശാന്തകുമാരി കെ.: സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിൽ ഏതാണ്ട് രണ്ടുകോടിയിലധികം രൂപയാണ് പാവപ്പെട്ട മനുഷ്യർക്കുവേണ്ടി ലഭ്യമായിട്ടുള്ളത്.

മി. സ്പീക്കർ: ചോദ്യത്തിലേക്ക് വരൂ. ഇനിയും ചോദ്യങ്ങളുണ്ട്. ഇത് പ്രസംഗമല്ല.

ശ്രീമതി ശാന്തകുമാരി കെ.: സർ, ജനങ്ങളുടെ കാര്യങ്ങൾപോലും സംസാരിക്കാനുള്ള വേദിയായ ചോദ്യോത്തരവേളപോലും നിരാകരിക്കുകയാണ്. ഓഖി, ചുഴലിക്കാറ്റ് എന്നിവ പോലുള്ള ദുരന്തങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് കാണാതായവരുടെയും

മരണപ്പെട്ടവരുടെയും കുടുംബങ്ങൾക്കുവേണ്ടി ദുരിതാശ്വാസനിധിയിൽനിന്നും എത്ര രൂപയാണ് ധനസഹായമായി നൽകിയിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഓഖി ദുരന്തം ബാധിച്ചത് മത്സ്യത്തൊഴിലാളി മേഖലയിലുള്ളവരെയാണ്. അതുവരെ സംസ്ഥാനത്ത് ഇത്തരം ദുരന്തങ്ങളിൽ നൽകിവന്നിരുന്ന ധനസഹായ രീതിയെയാകെ മാറ്റിമറിച്ചുകൊണ്ടാണ് 20 ലക്ഷം രൂപവീതം മരണപ്പെട്ട ഓരോ കുടുംബത്തിനും നൽകുന്ന നടപടിയെടുക്കുന്നത്. അതുപോലെ, കാലാവസ്ഥാ വ്യതിയാനംമൂലം കടൽ പ്രക്ഷുബ്ധമാകുമ്പോൾ മത്സ്യബന്ധനത്തിന് കടലിൽ പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികളുണ്ട്. അവർ കടലിൽ പോകുന്നത് ജീവഹാനി ഉണ്ടാക്കുമെന്നുള്ളതുകൊണ്ട് സർക്കാർതന്നെ വിലക്കേർപ്പെടുത്തുന്നുണ്ട്. അപ്പോൾ അത്തരം മേഖലയിലെ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകുന്ന നടപടിയെടുക്കുന്നുണ്ട്. ആ തുകയെല്ലാം ദുരിതാശ്വാസനിധിയിൽനിന്നാണ് അനുവദിക്കേണ്ടിവരുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ചികിത്സാ സഹായത്തിനായി ദുരിതാശ്വാസനിധിയിലേക്ക് അപേക്ഷ നൽകുമ്പോൾ ക്യാൻസറും മറ്റു രോഗങ്ങളുമായി ഒന്നിലധികം ആശുപത്രികളിൽ പോയിട്ടുണ്ടെങ്കിൽ അവസാനംപോയ ആശുപത്രിയിൽ നിന്നായിരിക്കും മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത്. അത് ചിലപ്പോൾ കുറഞ്ഞ തുകയായിരിക്കാം. രണ്ടോ മൂന്നോ ആശുപത്രിയിൽപോയി 7-8 ലക്ഷം രൂപ ചെലവായിട്ടുണ്ടാകും. പക്ഷേ അവസാനംപോയ ആശുപത്രിയിൽനിന്നും ഒരുലക്ഷം രൂപയുടെ സഹായമായിരിക്കും ലഭിക്കുന്നത്. അങ്ങനെ വന്നാൽ എല്ലാ ബില്ലും സമർപ്പിച്ചാലും കുറഞ്ഞ തുകയാണ് അവർക്ക് ലഭ്യമാകുന്നത്. മൂന്നോ നാലോ ആശുപത്രിയിൽ പോയിട്ടുണ്ടെങ്കിൽ അവസാനംപോയ ആശുപത്രിയിൽനിന്നും മറ്റുള്ള ആശുപത്രിയുടെ ചെലവ് എഴുതി നൽകുകയുമില്ല. അതിനുവേണ്ടി എന്തെങ്കിലും പരിഹാരം കാണാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സാധാരണ നിലയിൽ ഇത്തരം കാര്യങ്ങൾക്ക് പല ആശുപത്രിയിലും പോകേണ്ടിവരുമായിരിക്കും. എന്നാൽ മെച്ചപ്പെട്ട ആശുപത്രിയിലായിരിക്കും പിന്നീട് ചികിത്സിക്കുന്നത്. അതിന്റെ

ഭാഗമായി ഏറ്റവും ഉയർന്ന ആശുപത്രിയിലെ ബിൽ തുകയായിരിക്കും വരുന്നത്. ഇതിൽ ചെലവായ തുക മാത്രമല്ല പരിഗണിക്കുന്നത്, വേണ്ടിവരുന്ന തുക ആന്റിസിപ്പേറ്ററി എക്സ്പെൻഡിച്ചറെന്ന് പറഞ്ഞുകൊണ്ട് ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. അതുകൂടി പരിഗണിച്ചുകൊണ്ടാണ് തുക അനുവദിക്കുന്നത്. വലിയ പരാതികളൊന്നും ഇതുസംബന്ധിച്ചുണ്ടായിട്ടില്ല. ഏതെങ്കിലും പ്രത്യേക പ്രശ്നമുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കാൻ സംവിധാനമുണ്ടാക്കാം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കേരളം മാതൃകാപരമായ പുനരധിവാസ പദ്ധതികളാണ് ബുദ്ധിമുട്ടുകളുണ്ടാകുമ്പോൾ സ്വീകരിച്ചുവരുന്നത്. 2018-19-ലെ പ്രളയവും ഓഖിയുമെല്ലാം ഉണ്ടായപ്പോൾ വളരെ സ്തുത്യർഹമായ രീതിയിൽ പ്രശ്നങ്ങൾ പരിഹരിച്ചു. ഒരു ദുരന്തമുണ്ടാകുമ്പോൾ കേന്ദ്ര ഗവൺമെന്റ് അത് പരിഹരിക്കാനാവശ്യമായ സഹായം ചെയ്യണമെന്നാണ് ഫെഡറൽ ഭരണവ്യവസ്ഥയുടെ ഏറ്റവും കാതലായ വശം. സംസ്ഥാനം ഇത്രയും തുക ചെലവഴിച്ചിട്ടും കേന്ദ്ര ഗവൺമെന്റിൽനിന്നും എത്ര തുകയാണ് ലഭ്യമായതെന്ന് പറയാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇന്നത്തെ കാലത്ത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഒരു വലിയ ദുരന്തമാണ് നാം നേരിടേണ്ടിവന്നത്. ആ ദുരന്തത്തിൽ നമ്മളോടൊപ്പം സഹതപിക്കാൻ രാജ്യമാകെ, ലോകംതന്നെ തയ്യാറാകുകയും ചെയ്തു. ഇന്ത്യൻ പ്രധാനമന്ത്രി ഇവിടെ വരികയും ദുരന്തബാധിതരോടൊപ്പം ധാരാളം സമയം ചെലവഴിക്കുകയും ചെയ്തു. വലിയ തോതിയിലുള്ള ഒരു പുനരധിവാസ പ്രക്രിയയാണ് അവിടെ ആരംഭിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ നല്ല സഹായം കേന്ദ്രഗവൺമെന്റിൽനിന്നും ലഭ്യമാകണമായിരുന്നു. പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ അത് പറഞ്ഞിരുന്നു. അതിന്റെ ഭാഗമായി വിശദമായൊരു നിവേദനം പിന്നീട് നൽകുകയും ചെയ്തു. സാധാരണ രീതിയിൽ ഇതിന് അംഗീകരിച്ചൊരു നടപടിക്രമമുണ്ട്. ആ നടപടിക്രമമനുസരിച്ച് കൃത്യമായ നിവേദനം കൊടുത്തു. അതിന് എസ്.ഡി.ആർ.എഫ്. അനുസരിച്ച് നൽകാവുന്ന തുകയും നമ്മുടെ ആവശ്യങ്ങൾ പ്രത്യേകമായി ചൂണ്ടിക്കാണിച്ച് അതിന്റെ ഭാഗമായി ലഭിക്കേണ്ട തുകയും കാണിക്കുകയുണ്ടായി. നമ്മൾ നല്ല പ്രതീക്ഷയിലായിരുന്നു നിലനിന്നത്. പിന്നീട് ഒരു ഘട്ടത്തിൽ

പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് ഈ പ്രശ്നം ഉന്നയിച്ചു. മറ്റ് സംസ്ഥാനങ്ങളിലും ഇതിനിടയിൽ ചില ദുരിതങ്ങളുണ്ടായി. അവിടങ്ങളിൽ ചില ഇടക്കാല സഹായം കൊടുക്കുന്നത് നമ്മൾ കണ്ടു. നമ്മുടെ കാര്യത്തിൽ ഒരു സഹായവും ഇതുവരെ ലഭ്യമായിട്ടില്ല. ലഭിച്ച സഹായമെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്, സാധാരണ എസ്.ഡി.എഫ്.ആർ.-ൽനിന്നും തരേണ്ട തുകയുണ്ട്. അത് ദുരന്തമുണ്ടായാലും ഇല്ലെങ്കിലും തരുന്നതാണ്. അതുമാത്രമാണ് ഇപ്പോൾ നൽകിയിട്ടുള്ളത്. ഈ പ്രത്യേക ദുരന്തത്തിന്റെ ഭാഗമായുള്ള ഒരു സഹായവും ഇതുവരെ സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. കഴിഞ്ഞ മന്ത്രിസഭായോഗം ഇത് ഗൗരവമായി പരിഗണിക്കുകയും ഒന്നുകൂടി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാനും തീരുമാനിച്ചിട്ടുണ്ട്. നാട്ടിൽ ഇതുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള പ്രതിഷേധം ആളുകൾക്കിടയിൽ ഉയർന്നുവരുന്നുണ്ട്. ദുരന്തബാധിതർതന്നെ വയനാട്ടിൽ ചില പ്രക്ഷോഭങ്ങളിൽ ഏർപ്പെടുന്നതായി വാർത്തയും വന്നിരുന്നു. ഏതായാലും കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി

സ്വീകരിക്കുമെന്ന് തന്നെയാണ് ഇപ്പോഴും പ്രതീക്ഷിക്കുന്നത്. കാരണം ഇക്കാര്യത്തിൽ പ്രതീക്ഷ കൈവിടാൻ സാധിക്കില്ല.

## ഭക്ഷ്യസാധനങ്ങളുടെ വിലനിയന്ത്രണം

(*3) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൃഷിഭൂമിയുടെ ദൗർലഭ്യം, ഉയർന്ന ജനസാന്ദ്രത തുടങ്ങിയ ഘടകങ്ങൾ ഭക്ഷ്യവസ്തുക്കൾക്ക് ഇതര സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കേണ്ട സ്ഥിതി സംജാതമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയതലത്തിലെ വിലക്കയറ്റം കൂടുതൽ ബാധിക്കുന്നത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെയാണെന്നത് കണക്കിലെടുത്ത് അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിന് സംസ്ഥാനം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഭക്ഷ്യ പൊതുവിതരണ വകുപ്പും സപ്ലൈകോയും ഭക്ഷ്യോൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഇക്കഴിഞ്ഞ ഓണക്കാലത്തുൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) ഉൽപ്പന്നങ്ങളുടെ പൊതുവിപണിയിലെ വില നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെങ്കിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ശക്തമായ വിപണി ഇടപെടൽ കേരളം നടത്തുന്നുണ്ടോ; ദരിദ്രർക്ക് മാത്രമല്ല ഇടത്തരക്കാർക്കും റേഷനും ഭക്ഷ്യവസ്തുക്കളും നൽകി ഭക്ഷ്യക്ഷാമം തടഞ്ഞുനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കുറഞ്ഞവിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ നൽകുന്നതിനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് തുടങ്ങിയ അനഭിലഷണീയമായ പ്രവണതകൾ വിപണിയെ ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ) ഉണ്ട്. കേരളത്തിലെ കൃഷിഭൂമിയുടെ ദൗർലഭ്യം, ഉയർന്ന ജനസാന്ദ്രത, ഉൽപ്പാദന ഘടകങ്ങളുടെ വില വർദ്ധനവ്, ഉയർന്ന കൂലി നിരക്ക് എന്നിവ കേരളത്തിന്റെ കാർഷിക ഉൽപ്പാദനത്തെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങളാണ്. എന്നാൽ ലഭ്യമായ കൃഷിഭൂമി പരമാവധി പ്രയോജനപ്പെടുത്തുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടുകളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് ഉൽപ്പാദനം നടത്താൻ മേൽഘടകങ്ങൾ തടസങ്ങളായി നിലനിൽക്കുന്നതിനാലാണ് കേരളം ഭക്ഷ്യവസ്തുക്കൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത്. കാലാവസ്ഥ വ്യതിയാനം, പ്രകൃതിക്ഷോഭം എന്നിങ്ങനെയുള്ള കാരണങ്ങളാൽ മറ്റ് സംസ്ഥാനങ്ങളിൽ കൃഷി നശിക്കുന്ന സാഹചര്യങ്ങളിൽ കേരളത്തിലും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവും അതുവഴി വിലക്കയറ്റവും ഉണ്ടാകാറുണ്ട്. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ, സപ്ലൈകോ, കൺസ്യൂമർഫെഡ്, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ സർക്കാർ നടത്തുന്ന ശക്തമായ വിപണി

ഇടപെടലിലൂടെ പൊതുവിപണിയിലെ വിലക്കയറ്റം വലിയതോതിൽ നിയന്ത്രിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി 23-11-2023-ലെ G.O(Rt)No.470/2023/F&CSD പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ മാസവും യോഗങ്ങൾ ചേർന്ന് സമർപ്പിക്കുന്ന ശിപാർശകൾ സഹിതമുള്ള റിപ്പോർട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിക്ക് ലഭ്യമാക്കുന്നുണ്ട്.

ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യം, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷ, റവന്യൂ, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പൊതുവിപണികളിൽ പരിശോധന നടത്തിവരുന്നു. ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം ജില്ലകളിൽ 3450 പരിശോധനകൾ നടത്തിയതിൽ 372 ക്രമക്കേടുകൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തിവരുന്ന വിപണി ഇടപെടൽമൂലം 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട്ലെറ്റുകൾവഴി സബ്സിഡി നൽകി, പൊതു വിപണിയേക്കാൾ ശരാശരി 25 ശതമാനം വിലക്കുറവിൽ വിതരണം നടത്തിവരുന്നു. കൂടാതെ, സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ഇനം അരി റേഷൻകടകൾ വഴി കൂടുതൽ അളവിൽ വിതരണം നടത്തിയത് സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്.

(സി) 2024 ഓണത്തിനോടനുബന്ധിച്ച് സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ സംബന്ധിച്ച് 24-07-2024-നും ഓണക്കാലത്ത് ഉണ്ടാകാനിടയുള്ള ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവയ്പ്പ്, വിലക്കയറ്റം, കരിഞ്ചന്ത എന്നിവ തടയുന്നതിനാവശ്യമായ നടപടികൾ സീകരിക്കുന്നത് സംബന്ധിച്ച് 13-08-2024-ന് യോഗം ചേരുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കഴിഞ്ഞ ഓണക്കാലത്ത് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യം, റവന്യൂ, പോലീസ്, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ല/താലൂക്കുതല സ്ക്വാഡ്

രൂപീകരിക്കുകയും പൊതുവിപണിയിൽ പരിശോധന നടത്തി 775 ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിക്കുകയും ചെയ്തു. ഓണക്കാലത്ത് എല്ലാ AAY കാർഡുടമകൾക്കും പെർമിറ്റുള്ള ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരിൽ 4 പേർക്ക് 1 കിറ്റ് എന്ന നിരക്കിലും വയനാട്ടിലെ ദുരന്തബാധിത മേഖലയിലെ എല്ലാ കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ഓണത്തിന് മുൻഗണനേതര വിഭാഗത്തിൽപ്പെട്ട വെള്ള, നീല കാർഡുടമകൾക്ക് 10 കിലോ അരി സ്പെഷ്യലായി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സപ്ലൈകോ, കൺസ്യൂമർഫെഡ്, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ച ഉത്സവചന്തകളിലൂടെ മിതമായ വിലയിൽ അവശ്യസാധന ലഭ്യത ഉറപ്പുവരുത്തിയതുവഴി പൊതുവിപണിയിലെ വിലക്കയറ്റ സാധ്യത പിടിച്ചുനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്.

സപ്ലൈകോ വിൽപ്പനശാലകൾവഴി പ്രമുഖ ബ്രാൻഡുകളുടെ ഇരുന്നൂറോളം എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക് പ്രത്യേക കിഴിവുകൾ നൽകിയിരുന്നു. അതിനോടൊപ്പം, സപ്ലൈകോ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള

വിൽപ്പനശാലകൾവഴി സെപ്റ്റംബർ 6 മുതൽ 14 വരെ ഉച്ചയ്ക്കുശേഷം രണ്ടുമണി മുതൽ നാലുമണിവരെ വിൽപ്പന നടത്തിയ ശബരി, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക് നിലവിൽ നൽകിവരുന്ന കിഴിവിന് പുറമേ അധിക കിഴിവും നൽകിയിരുന്നു.

(ഡി) ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽവരുത്തിയ ശേഷം ആകെയുള്ള 3.34 കോടി ഗുണഭോക്താക്കളിൽ 43 ശതമാനം പേർക്ക് മാത്രമാണ് സബ്സിഡി നിരക്കിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തുവരുന്നത്. (വിശദവിവരം അനുബന്ധമായി ചേർക്കുന്നു+). ബാക്കിയുള്ള 57 ശതമാനം ഗുണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ച് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു. കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത് AAY, PHH വിഭാഗങ്ങൾക്ക് മാത്രമാണ്. കേന്ദ്ര സർക്കാർ കിലോയ്ക്ക് 8.30 രൂപ നിരക്കിൽ നൽകുന്ന tide-over അരിയിൽനിന്നും സംസ്ഥാന സർക്കാർ 4.30 രൂപ സബ്സിഡി നൽകി NPS (നീല) വിഭാഗത്തിന് കിലോയ്ക്ക് 4 രൂപ നിരക്കിൽ അരി വിതരണം ചെയ്തുവരുന്നു.

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നോൺ പ്രയോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻ (NPI) കാർഡുകൾ അനുവദിച്ച് ഒരു കാർഡിന് പ്രതിമാസം 2 കിലോ അരി 10.90/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നതുവഴി ടി വിഭാഗത്തെ ഭക്ഷ്യസുരക്ഷയുടെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചു.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിപണികളിൽ പരിശോധന നടത്തുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യം, ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷ, റവന്യൂ, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പൊതു വിപണികളിൽ പരിശോധന നടത്തിവരുന്നു. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപത്രിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി, പലവ്യഞ്ജനം, പഴവർഗ്ഗങ്ങൾ എന്നിവയുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണി പരിശോധന കർശനമാക്കിയിട്ടുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഓണക്കാലത്ത് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എത്ര ഉത്സവചന്തകളാണ് ആരംഭിച്ചത്;

ഇതുൾപ്പെടെ സെപ്റ്റംബർ മാസത്തെ സബ്സിഡി, സബ്സിഡിയിതര വിറ്റുവരവ് എത്രയെന്നും ഈ മാസത്തിൽ പൊതുവിൽ സപ്ലൈകോയ്ക്കുണ്ടായ വിപണിയിടപെടൽ ബാധ്യത എത്രയെന്നും വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഈ ഓണക്കാലത്ത് സെപ്റ്റംബർ 5 മുതൽ 14 വരെയുള്ള തീയതികളിൽ എല്ലാ ജില്ലകളിലും സെപ്റ്റംബർ 10 മുതൽ 14 വരെയുള്ള തീയതികളിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രത്യേക ഉത്സവചന്തകൾ സംഘടിപ്പിച്ചിരുന്നു. ഉത്സവചന്തകളിൽ 2.35 കോടി രൂപയുടെ സബ്സിഡി സാധനങ്ങളുടെയും 1.67 കോടി രൂപയുടെ സബ്സിഡിയിതര സാധനങ്ങളുടെയും വിൽപ്പനയുൾപ്പെടെ ആകെ 4.3 കോടി രൂപയുടെ വിൽപ്പനയാണ് നടന്നത്. സപ്ലൈകോയുടെ സെപ്റ്റംബർ മാസത്തിലെ ആകെ വിറ്റുവരവ് 164.48 കോടി രൂപയാണ്. ഇതിൽ 81.78 കോടി രൂപ സബ്സിഡി സാധനങ്ങളുടെ വിൽപ്പന ഇനത്തിലുള്ളതാണ്. ഇതിലൂടെ ഏകദേശം 25 കോടി രൂപയുടെ വിപണിയിടപെടൽ ബാധ്യത സപ്ലൈകോയ്ക്കുണ്ടായിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഓണക്കാലത്ത് പൊതുവിപണിയിൽ അരി വില വർധനവുണ്ടാകാതെ പിടിച്ചുനിർത്തുന്നതിൽ സർക്കാർ വിജയിച്ചതായി പൊതുവേ വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഇതിനായി സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അധിക ഭക്ഷ്യ വിഹിതം അനുവദിച്ചിട്ടുണ്ടോ; ഈ വിധത്തിലുള്ള മറ്റെന്തെങ്കിലും സഹായം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, എൻ.എഫ്.എസ്.എ. നിയമ പ്രകാരം സംസ്ഥാനത്തെ 57 ശതമാനം വരുന്ന മുൻഗണനേതര വിഭാഗത്തിന് റേഷൻ സാധനങ്ങൾക്ക് അർഹതയില്ല. എന്നാൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽനിന്നും മുൻഗണനേതര വിഭാഗങ്ങൾക്കും സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യ വിതരണം നടത്തി വരികയാണ്. കേന്ദ്ര സർക്കാരിൽനിന്നും കിലോഗ്രാമിന് 8.30 രൂപയ്ക്ക് ലഭിക്കുന്ന അരി നാല് രൂപ നിരക്കിൽ നീല കാർഡ് ഉടമകൾക്ക് ആളൊന്നിന് രണ്ട് കിലോഗ്രാം വീതവും വെള്ള കാർഡ് ഉടമകൾക്ക് അതത് മാസങ്ങളിലെ

ലഭ്യതയ്ക്കനുസരിച്ചും സംസ്ഥാന സർക്കാർ വിതരണം ചെയ്തുവരികയാണ്. ഇതിനുപുറമേ ഈ ഓണക്കാലത്ത് മുൻഗണനേതര വിഭാഗങ്ങൾക്ക് കാർഡ് ഒന്നിന് 10 കിലോഗ്രാം അരി സ്പെഷ്യലായി നൽകുകയുണ്ടായി. സംസ്ഥാന സർക്കാർ നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഓണക്കാലത്തുപോലും അധിക ഭക്ഷ്യധാന്യ വിഹിതം അനുവദിക്കാനോ ഭക്ഷ്യകമ്മി സംസ്ഥാനമെന്നത് പരിഗണിച്ച് മറ്റ് എന്തെങ്കിലും ഇളവുകൾ നൽകാനോ നിർഭാഗ്യവശാൽ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പ്രതിസന്ധികാലത്ത് ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങളെ ചേർത്തുപിടിക്കുന്ന സർക്കാരാണ് നമ്മുടെത്. ഓണക്കാലത്ത് സമൂഹത്തിലെ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകളെ സഹായിക്കുന്നതിനുവേണ്ടിയും അവരുടെ ഓണം ആഘോഷപൂർവ്വമാക്കുന്നതിനുവേണ്ടിയും സൗജന്യ ഭക്ഷ്യകിറ്റ് ഏതൊക്കെ വിഭാഗത്തിനാണ് സർക്കാർ നൽകിയത്; ഈ ഇനത്തിൽ സർക്കാരിന് എത്ര രൂപ ചെലവ് വന്നിട്ടുണ്ട്; ഓരോ വിഭാഗത്തിനും എത്ര വീതം കിറ്റുകളാണ് വിതരണം ചെയ്തത്?

ശ്രീ. ജി. ആർ. അനിൽ: സർ, എല്ലാ എ.എ.വൈ. കാർഡ് ഉടമകൾക്കും പെർമിറ്റുള്ള ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരിൽ നാല് പേർക്ക് ഒരു കിറ്റ് എന്ന നിരക്കിലും വയനാട്ടിലെ ദുരന്തബാധിത മേഖലയിലെ എല്ലാ കാർഡ് ഉടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ഈ ഇനത്തിൽ സർക്കാർ 34.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എ.എ.വൈ. വിഭാഗത്തിന് 559046 കിറ്റുകളും വയനാട്ടിലെ ദുരന്തബാധിത മേഖലയിൽ 1390 കിറ്റുകളും ക്ഷേമസ്ഥാപനങ്ങൾക്ക് 8006 കിറ്റുകളുമാണ് വിതരണം ചെയ്തിട്ടുള്ളത്.

ശ്രീ. വി. ആർ. സുനിൽകുമാർ: സർ, പൊതുവിതരണ ശൃംഖലയെ വൈവിധ്യവൽക്കരിക്കാനും റേഷൻ വ്യാപാരികൾക്ക് മികച്ച വരുമാനം ഉറപ്പുവരുത്താനും ആരംഭിച്ച കെ-സ്റ്റോർ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; സംസ്ഥാനത്ത് നിലവിൽ എത്ര കെ.-സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; റേഷൻ ഇതര ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെയും അനുബന്ധ സേവനത്തിലൂടെയും കെ-സ്റ്റോറിലുണ്ടായ വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇപ്പോൾ സംസ്ഥാനത്ത് ആകെ 1201 കെ-സ്റ്റോറുകളാണ് നിലവിലുള്ളത്. 2024 ആഗസ്റ്റ് മാസം വരെ റേഷൻ ഇതര ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെയും അനുബന്ധ സേവനങ്ങളിലൂടെയും കെ-സ്റ്റോറുകളിൽ 8,97,00,000 രൂപ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഒരു വർഷക്കാലമായി റേഷൻ കടകളിലൂടെ പഞ്ചസാര ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മഞ്ഞ റേഷൻ കാർഡ് ഉടമകൾക്ക് മാത്രം അനുവദിച്ചിരുന്ന പഞ്ചസാര വിതരണം നിലച്ചുപോയതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയം വളരെ ശരിയാണ്. കഴിഞ്ഞ ഒരു വർഷക്കാലമായി സംസ്ഥാനത്തെ മഞ്ഞ കാർഡ് ഉടമകൾക്ക് റേഷൻ കടകളിലൂടെ പഞ്ചസാര വിതരണം നടത്താൻ സാധിക്കാത്ത സ്ഥിതിയാണ്. പൊതുവിതരണ വകുപ്പ് ആവശ്യപ്പെടുന്നത് പ്രകാരം സപ്ലൈകോ വിപണിയിൽനിന്നും പഞ്ചസാര വാങ്ങിയാണ് ഇതിനായി നൽകിയിരുന്നത്. 2023 സെപ്റ്റംബർ മാസം വരെ

ഇപ്രകാരം പഞ്ചസാര വിതരണം നടത്തിയിരുന്നു. മഞ്ഞ കാർഡ് ഉടമകൾക്ക് (എ.എ.വൈ.) 21 രൂപ നിരക്കിൽ ഒരു കിലോഗ്രാം പഞ്ചസാരയാണ് പ്രതിമാസം വിതരണം ചെയ്തുവന്നിരുന്നത്. പൊതുവിപണിയിൽനിന്നും കിലോഗ്രാമിന് 42 രൂപ നിരക്കിൽ വാങ്ങിയാണ് സപ്ലൈകോ പൊതുവിതരണ വകുപ്പിന് നൽകുന്നത്. ഇതിൽ 18.50 രൂപ കേന്ദ്ര സർക്കാർ സബ്സിഡിയായി സപ്ലൈകോയ്ക്ക് ലഭിക്കുന്നുണ്ട്. പഞ്ചസാര വിൽപ്പനയിലൂടെ ലഭിക്കുന്ന 21 രൂപയിൽ 50 പൈസ റേഷൻ വ്യാപാരികൾക്ക് കമ്മീഷനായി നൽകുകയാണ്. ബാക്കി 20.50 രൂപയും കേന്ദ്ര സർക്കാർ സബ്സിഡിയായ 18.50 രൂപയും ഉൾപ്പെടെ 39 രൂപ മാത്രമാണ് സപ്ലൈകോയ്ക്ക് തിരികെ ലഭിക്കുന്നത്. അതായത് ഒരു കിലോഗ്രാമിന് മൂന്ന് രൂപ നഷ്ടം സഹിച്ചാണ് സപ്ലൈകോ പൊതുവിതരണ വകുപ്പിന് പഞ്ചസാര നൽകിവരുന്നത്. ഇത്തരത്തിൽ നഷ്ടം സഹിച്ച് പഞ്ചസാര വിതരണം ചെയ്യാൻ സാധിക്കില്ലെന്ന് സപ്ലൈകോ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പഞ്ചസാരയുടെ വില പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, പൊതുവിതരണക്കാർക്കുണ്ടായ കാലതാമസംമൂലം കഴിഞ്ഞ മാസം ചങ്ങനാശ്ശേരി താലൂക്കിൽ റേഷൻ വിതരണം തടസ്സപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെട്ട് അതിന് പരിഹാരം കാണുകയും ചെയ്തു. എന്നാൽ ഈ മാസവും മൊത്തവിതരണക്കാരുടെ കാലതാമസംമൂലം റേഷൻ വിതരണം തടസ്സപ്പെടാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ അങ്ങയുടെ അടിയന്തര ഇടപെടലുണ്ടാകുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയ വിഷയം ഗൗരവമായി പരിഗണിച്ച് അതിനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, കേരളീയരുടെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യ വസ്തു അരിയാണ്. അരി വളരെ വ്യാപകമായി വിലകുറച്ച് നൽകുന്ന നാട്ടുകൂടിയാണ് കേരളം. മറ്റ് സംസ്ഥാനങ്ങളിലില്ലാത്ത വിധത്തിൽ റേഷൻ കടകളിലൂടെ എല്ലാ കാർഡ് ഉടമകൾക്കും അരി നൽകാൻ പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്. അതുപോലെ രാജ്യത്ത് നെല്ലിന് ഏറ്റവും കൂടുതൽ വില നൽകുന്ന

സംസ്ഥാനം കേരളമാണ്. സംസ്ഥാന സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ചാണ് വില കൂട്ടി നൽകുന്നത്. എന്നാൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പുതിയ മാനദണ്ഡങ്ങൾ പത്രങ്ങളിൽ/സർക്കുലറുകളിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. കൃഷിക്കാരുടെ നെല്ല് പാടശേഖരത്തിലെ ഒരു കേന്ദ്രത്തിൽ കൊണ്ടുവരണമെന്ന നിലയിലുള്ള സർക്കുലറാണ് മാധ്യമങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിൽ എന്തെങ്കിലും വസ്തുതയുണ്ടോ; കൃഷിക്കാർ ഉൽപ്പാതിപ്പിക്കുന്ന നെല്ല് അവരവരുടെ സംഭരണ കേന്ദ്രങ്ങളിലെത്തി സംഭരിക്കുന്ന പഴയ സ്ഥിതി തന്നെ തുടരുമോയെന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തതവരുത്തുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം കേരളത്തെ സംബന്ധിച്ച് വളരെ ഗൗരവമുള്ള പ്രശ്നമാണ്. നെല്ല് സംഭരണത്തിന് പുതിയ മാനദണ്ഡങ്ങളാണ് കേന്ദ്ര സർക്കാർ അടിക്കടി കൊണ്ടുവരുന്നത്. നെല്ല് ഉൽപ്പാദിപ്പിക്കുന്ന പാടങ്ങളിൽപ്പോയി കൃഷിക്കാരിൽനിന്ന് നേരിട്ട് നെല്ല് സംഭരിക്കുന്ന രീതിയാണ് വർഷങ്ങളായി നമ്മൾ തുടർന്നുവരുന്നത്. എന്നാൽ കൃത്യമായി നിരീക്ഷിക്കാൻ സാധിക്കുന്ന സംവിധാനത്തോടുകൂടിയ

വണ്ടികളിലെത്തി നെല്ല് സംഭരിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നത്. എന്തായാലും ആ വിഷയം സംബന്ധിച്ച് കർഷകരുടെ ബുദ്ധിമുട്ടുകളും നമ്മുടെ പാടശേഖരങ്ങളുടെ പ്രത്യേകതകളും സാഹചര്യങ്ങളും എല്ലാം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയങ്ങൾ ചർച്ചയിലൂടെ പരമാവധി പരിഹരിക്കാനും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിഷയങ്ങൾ പരമാവധി ഒഴിവാക്കി നെല്ല് സംഭരണം സുഗമമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യം നമ്പർ *4 - നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി**

(*5) ശ്രീ. പി. പി. സുമോദ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സംയുക്ത നിവേദനം നൽകുന്നതിന് മുഖ്യമന്ത്രി വിളിച്ചുചേർത്ത എം.പി.മാരുടെ യോഗത്തിൽ തീരുമാനിച്ചിരുന്നോ;

(ബി) സംസ്ഥാനത്തിന് അവകാശപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് നാളിതുവരെ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ഫണ്ടുകളും ഗ്രാൻഡുകളും ലഭിക്കുന്നതിൽ ഉണ്ടായിട്ടുള്ള കുറവ് സംബന്ധിച്ച് പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങളോട് കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന സമീപനങ്ങൾ സംസ്ഥാനത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) തീരുമാനിച്ചിരുന്നു.

(ബി) 2024-25-ലെ പുതുക്കിയ കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുമായി നടത്തിയ ചർച്ചയിൽ സംസ്ഥാനം നിലവിൽ നേരിടുന്ന ധനഞെരുക്കം പരിഹരിക്കുന്നതിനായി 24,000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് അനുവദിക്കുന്നതിനായി അഭ്യർത്ഥിച്ചിരുന്നു.

സംസ്ഥാനത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന നയങ്ങളിലും സമീപനങ്ങളിലും മാറ്റം വരുത്തി സംസ്ഥാനത്തിന് അർഹമായ കേന്ദ്ര വിഹിതം സമയബന്ധിതമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും നൽകിയിട്ടുണ്ട്.

സംസ്ഥാനം ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട ആവശ്യങ്ങൾ താഴെപ്പറയുന്നതാണ്.

1) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്കെടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച്

സംസ്ഥാനത്തിന്റെ ആകെ കടമെടുപ്പിൽ കേന്ദ്ര സർക്കാർ 2022-23 സാമ്പത്തിക വർഷം മുതൽ കുറവ് വരുത്തുന്ന സമീപനത്തിൽ മാറ്റം വരുത്തുക.

2) ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുമ്പ് നിലനിന്നിരുന്നതുപോലെ കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് നിർണയിക്കുന്നതിൽ നിന്നും ഒഴിവാക്കുക.

3) സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള കാലയളവ് 5 വർഷത്തേയ്ക്ക് ദീർഘിപ്പിക്കുക.

4) സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി. വരുമാന വിഭജനത്തിന്റെ അനുപാതം 50:50-ൽ നിന്ന് 60:40 ആയി ഉയർത്തുക.

5) കേന്ദ്രം പിരിച്ചെടുക്കുന്ന സെസ്സ്, സർചാർജ് എന്നിവ ഘട്ടംഘട്ടമായി നിർത്തലാക്കുക.

6) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാൻഡുകൾ, ഹെൽത്ത് ഗ്രാൻഡ്, സംസ്ഥാന ദുരന്ത ലഘൂകരണ നിധി എന്നിവയിൽ ലഭ്യമാകേണ്ട കുടിശ്ശിക തുക അനുവദിക്കുക.

7) 7-ാമത് യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ലഭ്യമാകേണ്ട കുടിശ്ശിക തുക അനുവദിക്കുക.

8) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലെ കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം 60:40-ൽ നിന്ന് 75:25 ആയി ഉയർത്തുക.

9) മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് കേന്ദ്രം അനുവദിച്ചിരിക്കുന്ന 50 വർഷ പലിശരഹിത വായ്പാ സഹായ പദ്ധതി ലഭ്യമാകുന്നതിനുള്ള നിർബന്ധിത വ്യവസ്ഥകളിലൊന്നാണ്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബ്രാന്റിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്നത്. ടി നിർബന്ധിത വ്യവസ്ഥ ഒഴിവാക്കുക.

10) സംസ്ഥാനം കാലങ്ങളായി ആവശ്യപ്പെടുന്ന എ.ഐ.ഐ.എം.എസ്. സ്ഥാപിക്കൽ, റെയിൽവേ വികസനം മുതലായവ സാധ്യമാക്കുക.

കൂടാതെ ജി.എസ്.ടി. കൗൺസിൽ ഉൾപ്പടെയുള്ള യോഗങ്ങളിൽ കേരളം കേന്ദ്രത്തിന്റെ വിവേചനപരമായ നടപടികൾക്കെതിരെ ശക്തമായ നിലപാട് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഐ.ജി.എസ്.ടി. വരുമാനത്തിൽ 10-11% വാർഷിക വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഐ.ജി.എസ്.ടി. വാർഷിക വർദ്ധനവ് 3% മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ടി അപാകത പരിഹരിക്കണമെന്നും ബഹു. ധനകാര്യ വകുപ്പുമന്ത്രി 53-ാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം റിലീസ് ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി ഈ വകുപ്പിൽ പരിശോധിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗ നിർദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ലെന്ന കാരണമുയർത്തി മൂലധന നിക്ഷേപങ്ങൾക്ക് കേന്ദ്ര സർക്കാർ പലിശരഹിത വായ്പയിലൂടെ അനുവദിക്കുന്ന പ്രത്യേക സഹായ പദ്ധതിയുടെ ഭാഗം-1-ന് 2023-24 സാമ്പത്തിക വർഷം ലഭ്യമാക്കേണ്ട 1925 കോടി രൂപ കേന്ദ്ര സർക്കാർ

അനുവദിച്ചിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ ഭാഗം-1-ൽ 1059 കോടി രൂപ കേന്ദ്രം വകയിരുത്തിയിട്ടുണ്ട്. എന്നാൽ Branding/naming മാർഗ്ഗ നിർദേശങ്ങൾ സംസ്ഥാന സർക്കാർ പൂർണ്ണമായും പാലിക്കാത്ത സാഹചര്യത്തിൽ, നടപ്പ് സാമ്പത്തിക വർഷത്തെ 1059 കോടി രൂപ നാളിതുവരെയും റിലീസ് ചെയ്ത് നൽകിയിട്ടില്ല. ഇതിനുപുറമെ Branding/naming കാരണമുയർത്തി NHM പദ്ധതിക്ക് 2023-24 സാമ്പത്തിക വർഷം ലഭ്യമാക്കേണ്ട 636.88 കോടി രൂപ കേന്ദ്രവിഹിതം കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നില്ല. എന്നാൽ NHM പദ്ധതിക്കായി കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗ നിർദേശങ്ങൾ നടപ്പാക്കിവരുന്ന സാഹചര്യത്തിൽ, നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ടി പദ്ധതിക്കായി നാളിതുവരെ ആകെ 240.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പിഎം ശ്രീ. പദ്ധതിയുടെ ധാരണാപത്രം ഒപ്പിടുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്ര ശിക്ഷാ കേരളം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കേന്ദ്ര-വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്ര

വിഹിതം ഇതുവരെയും അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, സംസ്ഥാന വിഹിതമായ 98 കോടി രൂപ മുൻകൂറായി ടി പദ്ധതിയുടെ എസ്.എൻ.എ. അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ 2023-24 വരെ Health Sector Grant ഇനത്തിൽ ആകെ 411.37 കോടി രൂപയും ULB Grant ഇനത്തിൽ ആകെ 143.32 കോടി രൂപയും കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങളോട് കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന സമീപനങ്ങൾ വിദ്യാഭ്യാസം, ആരോഗ്യമേഖല, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി എല്ലാ മേഖലകളെയും സാരമായി ബാധിച്ചിട്ടുണ്ട്. പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ വിപത്തുകളിൽ നിന്നും കര കയറാത്ത സംസ്ഥാനത്തിന് ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാകാത്തതും വായ്പാ പരിധിയിലുണ്ടായ വെട്ടിക്കുറവും വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വർഷങ്ങളായി സംസ്ഥാനത്തിന് വളരെ കുറഞ്ഞ വിഹിതമാണ് ലഭിക്കുന്നത്. വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ

പെൻഷനുകളുടെയും ആരോഗ്യരംഗത്തെ പദ്ധതികളുടെയും കേന്ദ്രവിഹിതം വളരെ കുറവാണ്. നെല്ല് സംഭരണം, റേഷൻ വിതരണം, മരുന്നുകൾക്ക് നൽകേണ്ട വിഹിതം തുടങ്ങിയ വിവിധ പദ്ധതികളിൽ സംസ്ഥാനം ചെലവഴിച്ച തുക കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. 2024 ഫെബ്രുവരി മാസം മുതലുണ്ടായ വരൾച്ചയുടെ ഫലമായുണ്ടായ കൃഷിനാശത്തിന് കേന്ദ്രസർക്കാരിൽ നിന്നും നഷ്ടപരിഹാരതുക ഇതുവരെ ലഭിച്ചിട്ടില്ല. ഇത് കാർഷികമേഖലയിൽ വളരെയധികം പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗ നിർദേശങ്ങൾ സംസ്ഥാന സർക്കാർ പൂർണ്ണമായും പാലിക്കാത്ത സാഹചര്യത്തിൽ, കേന്ദ്ര വിഹിതം ലഭ്യമാകാനുണ്ട്. ഇത് ആരോഗ്യമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന വിഹിതങ്ങളിലും ഗ്രാൻഡുകളിലും ആനുകൂല്യങ്ങളിലും വന്ന കുറവ് പരിഹരിക്കാൻ സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത പാക്കേജ് ലഭ്യമായിട്ടില്ല.

ശ്രീ. പി. പി. സുമോദ്: സർ, കഴിഞ്ഞ മൂന്ന് വർഷമായി കേന്ദ്രസർക്കാർ കേരളത്തെ സാമ്പത്തികമായി പ്രയാസപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തികമായ ഞെരുക്കമുണ്ടായിട്ടുപോലും ഏതാനും ദിവസങ്ങൾക്ക് മുമ്പ്, ഓണം സമൃദ്ധമാക്കാൻ വലിയ ആനുകൂല്യങ്ങളും ക്ഷേമപെൻഷനുകളും വിപണി ഇടപെടലുകളും സംസ്ഥാന സർക്കാർ നല്ലരീതിയിൽ നടത്തുകയുണ്ടായി. ഓണം സമൃദ്ധമാക്കാൻ എത്രകോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവാക്കിയത്?

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്തുത ചോദ്യവുമായി ബന്ധപ്പെട്ട കൃത്യമായ കണക്ക് ഇപ്പോൾ കൈവശമില്ല.

ശ്രീ. പി. പി. സുമോദ്: സർ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാൻഡ് അനുവദിക്കുന്നതിൽ തുടർച്ചയായ വെട്ടിക്കുറയ്ക്കലുകൾ വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി കേരളത്തോട് സ്വീകരിക്കുന്ന നിഷേധാത്മകമായ സമീപനത്തെത്തുടർന്ന് സംസ്ഥാനത്തിന്

പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ കേന്ദ്രസർക്കാർ അനുവദിച്ച തുക എത്രയാണ്?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ സമീപനത്തിൽ കാതലായ മാറ്റം വരേണ്ടതുണ്ട്. സംസ്ഥാനങ്ങളോട് പ്രത്യേകമായൊരു നിഷേധ സമീപനം തുടർന്നുവരികയാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനങ്ങളുടെ യോജിച്ച സമീപനവും സംസ്ഥാനങ്ങൾ യോജിച്ച് ആവശ്യങ്ങൾ ഉയർത്തുന്ന സ്ഥിതിയും പരിഗണിക്കണമെന്നത് കണക്കിലെടുത്താണ്, കേരളം മുൻകയ്യെടുത്ത് വിവിധ സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുടെ ഒരു യോഗം സംഘടിപ്പിച്ചത്. പ്രസ്തുത യോഗത്തിൽ വളരെ ആരോഗ്യകരമായ ചർച്ചയാണുണ്ടായത്. കേന്ദ്രസർക്കാരിന്റെ സമീപനത്തിൽ തിരുത്തലുകൾ വേണമെന്നുതന്നെയാണ് യോഗം പൊതുവേ അഭിപ്രായപ്പെട്ടത്. അതിന് തുടർച്ചയുണ്ടാകുന്നുവെന്നതിന് തെളിവാണ് ബഹു. കർണാടക മുഖ്യമന്ത്രി ഇവിടേയ്ക്ക് അയച്ച കത്ത് കാണിക്കുന്നത്. കേരളത്തിൽ സംഘടിപ്പിച്ച യോഗത്തിന്റെ തുടർച്ചയായി കർണ്ണാടക സർക്കാർ ഒരു യോഗം നടത്താൻ ഉദ്ദേശിക്കുന്നുവെന്നും

കേരളത്തിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുക്കണമെന്നുമാണ് കത്തിൽ സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചില ഇടപെടലുകളും നിലവിൽ ഉണ്ടാകുന്നുണ്ട്. സംസ്ഥാനങ്ങളോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കുന്നതിന് തുടർന്നും സംസ്ഥാനങ്ങൾ ഒന്നിച്ചുനിന്ന് ശക്തമായ ശബ്ദമുയർത്തേണ്ടി വരുമെന്നുതന്നെയാണ് മനസ്സിലാക്കുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്തോട് കേന്ദ്ര ഗവൺമെന്റ് കാട്ടുന്ന കടുത്ത വിവേചനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. വിവിധ സംസ്ഥാനങ്ങളുടെ ധനമന്ത്രിമാരുടെ കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. ആ കോൺക്ലേവിന്റെ തുടർച്ചയായുള്ള മീറ്റിംഗ് അടുത്തിടെ ചേരാൻ പോകുന്നുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് പറഞ്ഞുകൊണ്ട് വിവിധ പ്രക്ഷോഭങ്ങൾ തന്നെ നടത്തിയിട്ടുണ്ട്. അങ്ങയുടെ നേതൃത്വത്തിൽ നമ്മുടെ സഭയിലെ മഹാഭൂരിപക്ഷം വരുന്ന അംഗങ്ങൾ ഡൽഹിയിൽ നടത്തിയ പ്രക്ഷോഭം, അതിന്റെ തുടർച്ചയായി

സുപ്രീംകോടതിയെ തന്നെ സമീപിച്ച സാഹചര്യം, സുപ്രീംകോടതി ആ പ്രശ്നം ഭരണഘടനാപരമായിട്ടുള്ള വിഷയമാണെന്ന് കണ്ടുകൊണ്ട് ഭരണഘടനാ ബെഞ്ചിന് നൽകിയ നടപടി, ഇതിന്റെയെല്ലാം തുടർച്ചയായി വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെയും ധനമന്ത്രിമാരെയും കൂട്ടായി യോജിപ്പിച്ചുകൊണ്ട് ഡൽഹിയിൽ വളരെ ശക്തമായ പ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കാൻ അങ്ങ് തയാറാവുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇപ്പോൾ നമ്മൾ നടത്തിയ കോൺക്ലേവിന്റെ തുടർച്ചയായി ചില പ്രതികരണങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ആ ഘട്ടത്തിൽ ഒന്നിച്ച് ശബ്ദം ഉയർത്താനുള്ള സാഹചര്യം നല്ല നിലയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. അതുകൂടി പരിഗണിച്ച് അത്തരം ഒരു ആലോചനയുടെ ഭാഗമായി കാര്യങ്ങൾ തീരുമാനിക്കുന്നതായിരിക്കും ഇന്നത്തെ സാഹചര്യത്തിൽ നല്ലത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടികാണിച്ചതുപോലെ നമ്മൾ ഫലപ്രദമായി ഇടപ്പെട്ടിട്ടുണ്ട്. നിലവിൽ കോടതിയുടെ മുമ്പിലുള്ള വിഷയമാണ്. പ്രക്ഷോഭ രൂപത്തിൽ നമ്മൾ അത് ഉയർത്തിയിട്ടുണ്ട്. ഇനിയും തുടർ നടപടികൾ

സ്വീകരിക്കാനുള്ള തയാറെടുപ്പിലുമാണ്. പക്ഷേ ഇപ്പോൾ ഒരു പ്രഖ്യാപനം നടത്തുന്നതിനു പകരം കൂട്ടായ്മയുടെ ഭാഗമായി ഒരു പ്രഖ്യാപനം വരുന്നതായിരിക്കും നന്നാവുകയെന്നാണ് തോന്നുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ ചുമതലപ്പെടുത്തിയതനുസരിച്ച് (ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ): സർ, കേന്ദ്രം കേരളത്തോടു കാണിക്കുന്ന സാമ്പത്തിക അവഗണനയ്ക്ക് എതിരായി നമ്മുടെ കേരളത്തിലെ എം.പി.-മാർ പാർലമെന്റിൽ ഫലപ്രദമായി ഇടപ്പെടുന്നുണ്ടോ? അങ്ങനെ ഇടപ്പെടുവിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പുതിയ ലോക്സഭയിലെ അംഗങ്ങളെ കുറിച്ചാണല്ലോ പറയേണ്ടത്. പുതിയ ലോക്സഭ രൂപീകൃതമായതിനുശേഷം നമ്മുടെ എം.പി.-മാരുടെ യോഗം നടന്നിരുന്നു. നല്ല രീതിയിലാണ് അവരുടെ പ്രതികരണങ്ങൾ ഉണ്ടായിട്ടുള്ളത്. ഫലപ്രദമായി പ്രശ്നങ്ങൾ ഉന്നയിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ചില കാര്യങ്ങളിൽ കൃത്യമായി ഉന്നയിക്കുന്ന നില സ്വീകരിച്ചിട്ടുണ്ട്. നേരത്തെയുള്ള സമീപനത്തിൽനിന്നും

ചില വ്യത്യാസങ്ങൾ കാണാൻ കഴിയുന്നുണ്ട്. നമുക്ക് ആരോഗ്യകരമായ സമീപനമാണ് ആവശ്യം. കേരളത്തിന്റെ പൊതുവായ ആവശ്യം ഒന്നിച്ചുയർത്താൻ കഴിയുകയെന്നതാണ് പ്രധാനം. ആ ഒരു വികാരത്തിൽ തന്നെയാണ് എല്ലാ എം.പി.-മാരും ആ യോഗത്തിൽ സംസാരിച്ചത്. തുടർന്നുള്ള നടപടികളിലും പ്രത്യേക പരാതികൾ അതുമായി ബന്ധപ്പെട്ട് ഉയരുന്നില്ലായെന്നാണ് പറയാനുള്ളത്.

ഡോ. സുജിത് വിജയൻപിള്ള: സർ, പല സംസ്ഥാനങ്ങളോടും വിവേചനപൂർവ്വമായ നടപടികളാണ് കേന്ദ്രം സ്വീകരിക്കുന്നത്, പ്രത്യേകിച്ച് ദുരന്തനിവാരണത്തിന്റെ കാര്യത്തിൽ കേരളത്തോട് വലിയ അവഗണനയാണ് കാണിക്കുന്നത്, ഗ്രാന്റുകൾ അനുവദിക്കുന്ന കാര്യത്തിലും അങ്ങനെതന്നെയാണ്. ഉദാഹരണത്തിന് ആരോഗ്യ മേഖലയിൽ നഴ്സിംഗ് കോളേജുകൾ, താലൂക്ക് ആശുപത്രികൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് കേന്ദ്ര സർക്കാർ അഡ്വാൻസായി തുക നൽകുന്നതായി കണ്ടു. അതുപോലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ achieve ചെയ്യുന്നതിന് അഡ്വാൻസായി തുക നൽകുമ്പോൾ ഈ പദ്ധതികൾ പൂർത്തീകരിക്കാൻ

ഗ്രാന്റുകൾ അനുവദിക്കാതിരിക്കുന്ന സാധ്യതയാണ് നിലവിലുള്ളത്. ഇതിനെ മറികടക്കുവാൻ എന്ത് നടപടികളാണ് നമ്മൾ കൈക്കൊള്ളുന്നത്?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ അതീവ ഗുരുതരം തന്നെയാണ്. ചിലത് നമ്മൾ നേരിട്ട് ആദ്യമേ ചെലവിടുകയാണ്. ചെലവിട്ട സംഖ്യ കിട്ടുന്നതിന് കാലതാമസം വരും. കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നുമുണ്ട്. കൂടുതൽ ഗൗരവമായി ഇടപ്പെടുകയെന്നുള്ളതാണ് ഈ കാര്യത്തിൽ തുടർന്ന് സ്വീകരിക്കേണ്ടത്. നീതീകരണമില്ലാത്ത സമീപനം ചില ഘട്ടങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിശ്ചയിക്കുമ്പോൾ നേരത്തെ ഉള്ള ചില കണക്കുകൾ പറഞ്ഞുകൊണ്ട് അത് ബാധകമാക്കി പരിധി കുറയ്ക്കുന്ന അവസ്ഥവരെ സ്വീകരിച്ചിട്ടുണ്ട്. അത്തരമൊരു പ്രശ്നം ശരിയല്ല എന്നത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ നേരിട്ടുള്ള സംസാരത്തിൽ അത് നിഷേധിക്കാൻ അവർക്ക് കഴിയുന്നില്ല. അങ്ങനെ ഉണ്ടെങ്കിൽ ഞങ്ങൾ പരിശോധിക്കാമെന്ന് പറയുന്ന നില പ്രധാനമന്ത്രിയിൽ നിന്നുപോലും ഉണ്ടായിട്ടുണ്ട്. ഏതായാലും

അതിന്റെ തുടർച്ചയായി ഇത്തരം കാര്യങ്ങൾ ആവശ്യമായ മാറ്റം വേണമെന്ന് പറഞ്ഞുകൊണ്ടുള്ള ഇടപ്പെടൽ നമ്മുടെ ധനമന്ത്രിയുടെ ഭാഗത്തുനിന്ന് തുടർച്ചയായി ഉണ്ടാകുന്നുണ്ട്. അതിനുള്ള ശ്രമം നമ്മൾ നടത്തി കൊണ്ടിരിക്കുകയാണ്. ഈ പറയുന്ന നിയന്ത്രണങ്ങൾ നമ്മുടെ പരിധിയിൽ വന്നിട്ടുള്ള വെട്ടിക്കുറവുകൾ, നമുക്ക് നൽകേണ്ട തുക കൃത്യമായി നൽകാത്തത് അത്തരം കാര്യങ്ങളിൽ ഒക്കെയുള്ള തുടർ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടിരിക്കുകയാണ്. അത് ഇനിയും ശക്തിപ്പെടുത്തുമെന്നാണ് കാണുന്നത്.

## എക്സ്ട്രീം പോവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം

(*6) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അന്തർദേശീയതലത്തിൽ

ശ്രദ്ധയാകർഷിക്കുന്ന വിധം അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ കേരളം മാതൃക സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എക്സ്ട്രീം പോവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(സി) പ്രസ്തുത പദ്ധതിയിലൂടെ യാതൊരു പരിരക്ഷയും ഇതുവരെ ലഭിക്കാത്ത അഗതി കുടുംബങ്ങളെയും അർഹതയില്ലാതെ ആനുകൂല്യം വാങ്ങുന്നവരെയും കണ്ടെത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ) ഉണ്ട്. കേരളത്തിൽ നടപ്പാക്കിയിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ രാജ്യാന്തര ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. 2021 വർഷത്തിൽ നീതി ആയോഗ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 0.71 ശതമാനം ദാരിദ്ര്യത്തോടെ ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായിരുന്നു കേരളം. 2024 ജൂലൈ മാസം നീതി ആയോഗ് പ്രസിദ്ധീകരിച്ച SDG index

2023-24 പ്രകാരം SDG 1 No Poverty-യിൽ Head Count Rate as per the multi dimensional poverty index (%) കേരളത്തിന്റേത് 0.55 ആണ്. Multi dimensional poverty-യുടെ ആകെ ജനസംഖ്യയിലെ ശതമാനം 0.55 ആയി കുറക്കാനും അത്തരത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് മാതൃകാപരമായ പ്രവർത്തനം മെച്ചപ്പെടുത്താനും കേരളത്തിന് സാധിച്ചു. സംസ്ഥാനത്ത് അതിദാരിദ്ര്യം അനുഭവിക്കുന്നവരെ ആയതിൽനിന്ന് മോചിപ്പിക്കുന്നതിന് ഈ സർക്കാർ നടപ്പാക്കുന്ന സമാനതകളില്ലാത്ത മാതൃകാ പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി. പദ്ധതിയുടെ നിർവ്വഹണം അതിന്റെ രണ്ടാം വർഷം പൂർത്തിയാക്കുന്ന ഘട്ടമാണിത്. ആകെ കണ്ടെത്തിയ 64006 കുടുംബങ്ങളിൽ നാളിത് വരെ 35859 (56.02 ശതമാനം) കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിന് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ നടത്തി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആഹാരം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ഘടകങ്ങളെ ആസ്പദമാക്കി അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ 2021 ജൂലൈയിൽ ആരംഭിച്ച് 2022 ഫെബ്രുവരിയോടെ പൂർത്തീകരിച്ചു. ഈ പ്രക്രിയ വഴി സംസ്ഥാനത്ത് ആകമാനം 64006 കുടുംബങ്ങളെയാണ് കണ്ടെത്തിയത്. തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08-07-2022 തീയതിയിലെ സ.ഉ. (കൈ) നം.146/2022/LSGD പ്രകാരം സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്ന് അതിദാരിദ്ര്യ നിർണയ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദാരിദ്ര്യ അവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിനായി അതിദരിദ്രർക്കായുള്ള മൈക്രോപ്ലാൻ തയ്യാറാക്കൽ നടപടി പൂർത്തീകരിച്ചു. ആകെ 56141 മൈക്രോ പ്ലാനുകൾ ആണ് തയ്യാറാക്കിയത്. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്. അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത്

കഴിക്കാൻ കഴിയുന്ന കുടുംബങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിട്ട കുടുംബങ്ങൾക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ളവർക്ക് അത് നൽകുന്നതിനും ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികൾ ആവശ്യമുള്ളവർക്ക് ആരോഗ്യ ഉപകരണങ്ങൾ നൽകുവാനും അവയവ മാറ്റി വയ്ക്കൽ ചികിത്സയ്ക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്. ഏകാംഗ കുടുംബങ്ങളിൽ ഉൾപ്പെട്ടവരേയും മറ്റ് കുടുംബങ്ങളിൽപ്പെട്ടവരേയും പുനരധിവാസം ആവശ്യമുള്ളവരേയും ഷെൽട്ടർ ഹോമുകളിലേയ്ക്ക് മാറ്റി അവർക്ക് ആവശ്യമുള്ള സുരക്ഷയും ഭക്ഷണവും മരുന്നുകളും ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വരുമാനം ഇല്ലാതെ കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞു. വരുമാനദായക പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി

കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ 'ഉജ്ജീവനം' എന്ന പേരിൽ സമഗ്ര പദ്ധതി ആരംഭിച്ചിട്ടുണ്ട്. അടച്ചുറപ്പുള്ള വാസസ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളെയും ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അതിദരിദ്ര കുടുംബങ്ങൾക്ക് വീടുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. ഇതിൽ പൂർത്തീകരിച്ചവയും ഉൾപ്പെടുന്നു. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിലുൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭ്യമാകുന്നത് വരെ താമസ സൗകര്യം ഒരുക്കുന്നതിനായി വീടുകൾ/കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി 06-09-2024 തീയതിയിലെ സ.ഉ. (സാധാ) നം.1636/2024/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

ഇതോടൊപ്പം, 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് പോലെയുള്ള അവകാശ രേഖകളും ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര സേവനങ്ങളും ലഭ്യമാകാതെയിരുന്ന കുടുംബങ്ങൾക്ക് ആയവ നൽകുവാൻ സാധിച്ചു. അതിദരിദ്രർക്ക് ഭക്ഷണം, മരുന്നുകൾ മുതലായവ നൽകുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുന്ന സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ജില്ലാതലത്തിലും തദ്ദേശതലങ്ങളിലും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടെത്തിയ കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89 ശതമാനം) അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി 2023 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

2024 നവംബറിൽ 90 ശതമാനം പേരെ അതിദാരിദ്ര്യ മുക്തരാക്കുന്നതിനുള്ള ലക്ഷ്യത്തോടെയാണ് പദ്ധതി പ്രവർത്തനങ്ങൾ നിലവിൽ

നടന്ന് വരുന്നത്. തുടർന്ന് 2025 നവംബറോടുകൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻപോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചുവർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. തദ്ദേശസ്ഥാപനതലത്തിലും ഡിവിഷൻ/വാർഡ് തലങ്ങളിലും സാമൂഹിക സംഘടനകൾ, വിഷയമേഖലാ വിദഗ്ധർ എന്നിവരെ പങ്കെടുപ്പിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ മുഖേന അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കുകയും പിന്നീട് വിശദമായ വിവരശേഖരണം നടത്തുകയും ചെയ്തു. തുടർന്ന് കുടുംബങ്ങളെ സംബന്ധിച്ച ഡാറ്റാ സൂപ്പർ ചെക്ക് നടത്തി കുറ്റമറ്റതാക്കി, ഓരോ തദ്ദേശസ്ഥാപനത്തിന്റെയും ഗ്രാമ/വാർഡ് സഭകളുടെയും തദ്ദേശസ്ഥാപനത്തിന്റെ തന്നെയും

അംഗീകാരത്തോടെയാണ് അന്തിമ പട്ടിക തയ്യാറാക്കിയത്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്.

സംസ്ഥാനത്ത് ഇത്തരത്തിലുള്ള 64006 കുടുംബങ്ങളിലായി 103099 വ്യക്തികളെ 1032 തദ്ദേശസ്ഥാപനങ്ങളിലായി കണ്ടെത്തി MIS ഡാറ്റ ലോക്ക് ചെയ്തിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ടി കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. അതിദാരിദ്ര്യത്തിൽനിന്ന് മോചനം നേടുന്നവരെയും സേവനം ആവശ്യമില്ലാത്തവരെയും പാർക്ക് ചെയ്യുന്നതിനും MIS പോർട്ടലിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണെന്നതിൽ നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. അതിദാരിദ്ര്യം കുറയ്ക്കുന്നതിനുവേണ്ടി അങ്ങ് പറഞ്ഞതുപോലെതന്നെ മികച്ച പ്രവർത്തനങ്ങളാണ് വിവിധ പദ്ധതികളിലായി നടക്കുന്നത്. അതിദാരിദ്ര്യം കുറയ്ക്കുമ്പോഴും രോഗികളായിട്ടുള്ള വൃദ്ധ ദമ്പതികൾ, ആരുമില്ലാത്ത ആളുകൾ,

അതോടൊപ്പംതന്നെ ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾ പ്രായമായാൽ അതിനുശേഷം എന്ത് ചെയ്യുമെന്ന ആശങ്കയിലുള്ള ആളുകൾ തുടങ്ങിയവരെ ഏറ്റെടുക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളെ ചോദ്യോത്തരവേളയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ അതിദാരിദ്ര്യത്തിൽ കഴിയുന്ന അംഗങ്ങളെ, കുടുംബങ്ങളെ അതിൽനിന്നും മോചിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ആ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അതാണ് 56 ശതമാനത്തെ അതിൽനിന്നും മോചിപ്പിച്ചുവെന്ന് പറഞ്ഞത്. ഓരോ കുടുംബത്തിനും പ്രത്യേകം മൈക്രോ പ്ലാൻ തയാറാക്കിയിട്ടാണ് ആ മൈക്രോ പ്ലാനിന്റെ അടിസ്ഥാനത്തിൽ എന്താണ് അതിദാരിദ്ര്യത്തിന് കാരണമായ ഘടകമെന്ന് കണ്ടെത്തി അല്ലെങ്കിൽ ഘടകങ്ങൾ എന്ന് കണ്ടെത്തി ആ ഘടകങ്ങളെ അഭിസംബോധന ചെയ്യാനും പരിഹരിക്കാനും ഉതകുന്ന

തരത്തിലുള്ള പ്രത്യേക മൈക്രോ പ്ലാനുകൾ ആവിഷ്കരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കികൊണ്ടിരിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ: യുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനുവേണ്ടി തൊഴിലുറപ്പ് പദ്ധതി മാതൃകയിലുള്ള ഒരു പദ്ധതി തയ്യാറാക്കുമോ? ആ പദ്ധതിക്ക് ഭഗത് സിംഗിന്റെ പേര് നൽകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇന്ത്യയിൽ നഗര തൊഴിലുറപ്പ് പദ്ധതി ആദ്യമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. ഗ്രാമീണ തൊഴിലുറപ്പിന്റെ അതേ മാതൃകയിൽ നഗരങ്ങളിലെ ദരിദ്രർക്കുവേണ്ടിയാണ് നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പിന്നീട് ഒന്നോ രണ്ടോ സംസ്ഥാനങ്ങൾ കേരള മാതൃക പിന്തുടരാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും നാം നടപ്പാക്കിയതുപോലെ സമഗ്രമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കേരളത്തിന്റെ തനതായ നഗര തൊഴിലുറപ്പ് പദ്ധതി എന്നിങ്ങനെ രണ്ട് പദ്ധതികളുണ്ട്. മാത്രമല്ല ആദിവാസി മേഖലയിൽ ട്രൈബൽ പ്ലസ് എന്ന പേരിൽ ഇരുന്നൂറ് ദിവസം തൊഴിൽ കൊടുക്കുന്ന പദ്ധതിയും കേരളം മാത്രമാണ് ഇന്ത്യയിൽ നടപ്പാക്കിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ

നടത്തിപ്പിൽ ആകെ എട്ട് മാനദണ്ഡങ്ങൾ എടുത്താൽ നാലിലും ഇന്ത്യയിൽ ഒന്നാമത് കേരളമാണ്. ബാക്കി നാലിൽ കേരളത്തിന് രണ്ടാം സ്ഥാനമുണ്ട്. ഏറ്റവും മികച്ച നിലയിൽ ഈ പദ്ധതി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. പുതിയൊരു പദ്ധതിയുടെ ആവശ്യം ഇപ്പോൾ വരുന്നില്ല.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)